കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അയിലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD/P-18/1640 / 2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/10/2025
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD/P-18/1640 / 2025 തീയ്യതി: 13/10/2025

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷോബി.വി.പി	ഡെപ്യൂട്ടി ഡയറക്ടർ	17-07-2025	26-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-07-2025	26-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിദ്യ.പി , ഓഡിറ്റ് ഓഫീസർ
സരിത.പി , അസി.ഓഡിറ്റ് ഓഫീസർ
ഗീത കെ. സിനി ഗ്രേഡ് ഓഡിറ്റർ
സജിത്.എസ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
വിഘ്നേഷ്.എസി	പ്രസിഡന്റ്	01-04-2024	31-03-2025
അബ്ദുൾ റഹ്മാൻ എം.ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	28-04-2024
അബ്ദുൾ ലത്തീഫ്	സെക്രട്ടറി	29-04-2024	01-06-2024
അബ്ദുൾ റഹ്മാൻ എം.ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-06-2024	18-06-2024
അബ്ദുൾ ലത്തീഫ്	സെക്രട്ടറി	19-06-2024	15-07-2024
അബ്ദുൾ റഹ്മാൻ എം.ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-07-2024	31-07-2024
അബ്ദുൾ ലത്തീഫ്	സെക്രട്ടറി	01-08-2024	01-08-2024
അബ്ദുൾ റഹ്മാൻ എം.ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-08-2024	17-09-2024
മുകുന്ദൻ.കെ	സെക്രട്ടറി	18-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ .സൂസൻ വർഗീസ്	വെറ്റിനറി സർജൻ	01-04-2024	31-03-2025
ഡോ .വാണി ചന്ദ്രശേഖർ	മെഡിക്കൽഓഫീസർ , ഹോമിയോ	01-04-2024	02-01-2025
ഡോ .ഷംസാ ജമാൽ	മെഡിക്കൽഓഫീസർ , ഹോമിയോ	03-01-2025	31-03-2025
ഡോ. സൂരജ് .ടി	മെഡിക്കൽഓഫീസർ , ആയുർവേദം	01-04-2024	01-08-2024
ഡോ .അമ്മു ശശി	മെഡിക്കൽഓഫീസർ , ആയുർവേദം	02-08-2024	29-10-2024
ഡോ .പ്രീജുഷ്.ഡി	മെഡിക്കൽഓഫീസർ ,	30-10-2024	17-01-2025

സോമൻ	ആയുർവേദം		
ഡോ.വിജി.പിസി	മെഡിക്കൽഓഫീസർ , ആയുർവേദം	18-01-2025	31-03-2025
ഡോ. രഞ്ജിത്ത് പ്കെ	മെഡിക്കൽഓഫീസർ , എഫ്.എച്ച്.സി	01-04-2024	02-08-2024
ഡോ.ജിയോ ജോർജ്	മെഡിക്കൽഓഫീസർ , എഫ്.എച്ച്.സി	03-08-2024	02-01-2025
ഡോ.ബിജിഷ.വി.പി	മെഡിക്കൽഓഫീസർ , എഫ്.എച്ച്.സി	03-01-2025	31-03-2025
ശ്രീമതി ജിജിമോൾ ബി	ഐ.സി.ഡി.എസ് സുപ്പർവൈസർ	01-04-2024	29-07-2024
ശ്രീമതി ഗീത.വി	ഐ.സി.ഡി.എസ് സുപ്പർവൈസർ	30-07-2024	18-08-2024
ശ്രീമതി താജുമ്മ	ഐ.സി.ഡി.എസ് സുപ്പർവൈസർ	19-08-2024	31-03-2025
ശ്രീ ഫസിൽ.പി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ മതി കൃഷ്ണ .എസ്	അഗ്രികൾച്ചർ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി . സുനിത.വി	ഹെഡ് മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി . കവിത.കെ	വി.എ.ഒ 1	01-04-2024	31-03-2025
ശ്രീ രവിന്ദ്രൻ.കെ	വി.എ.ഒ 2	17-09-2024	31-03-2025
ശ്രീമതി . സിജി ജോസ്	അസി .എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ അബ്ദുൾ റഹ്മാൻ എം.ബി	അസി.സെക്രട്ടറി	01-04-2024	26-10-2024
ശ്രീ ജ്യോതിഷ്കുമാർ സി	അസി.സെക്രട്ടറി	27-10-2024	31-10-2024
ശ്രീമതി .നളിനി.സി	അസി.സെക്രട്ടറി -ഇൻ ചാർജ്	01-11-2024	07-11-2024
ശ്രീമതി .പ്രിൻസി ട്രിസ ജോസ്	അസി.സെക്രട്ടറി	08-11-2024	28-12-2024
ശ്രീമതി .മേരിസിൽവസ്റ്റർ	അസി.സെക്രട്ടറി	29-12-2024	31-03-2025
ശ്രീമതി ജിജിമോൾ ബി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	29-07-2024
ശ്രീമതി ഗീത.വി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	29-07-2024	19-08-2024
ശ്രീമതി.താജുമ്മ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	19-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകം ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകം	1-1-2
4	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
7	ഫണ്ട് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമപദ്ധതികൾ	1-7
11	ക്യാഷ് പരിശോധന	1-8
12	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നതുമൂലം വരുമാന നഷ്ടം	1-11
15	2025ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലേഷൻ നടത്തിയിട്ടില്ല	1-12
16	വാടക കുടിശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു	1-13-1
17	വാടക ബൈലോയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല	1-13-2
18	വാടക പിരിവ് പരിശോധന സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ	1-13
19	തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകങ്ങകൾ	1-14
20	ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല	1-15
21	ആംബുലൻസ് വാടക തുക അടവാക്കുന്നവർക്ക് രസീതി നൽകുന്നതിന് സംവിധാനങ്ങൾ ഇല്ല	1-16
22	ആയുർവേദ ആശുപത്രിയിലേക്ക് 22449 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല	1-17
23	സാക്ഷരത തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കിയില്ല	1-18
24	എസ്.എസ്. കെ വിഹിതം നൽകൽ-വിനിയോഗ വിവരങ്ങൾ ഇല്ല	1-19
25	പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച ചെടിച്ചട്ടി വിതരണം-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല	1-20

26	ലൈഫ് ഭവന നിർമ്മാണ പദ്ധതി - പണി പൂർത്തികരിച്ചിട്ടില്ല	1-21
27	അജൈവ മാലിന്യ സംസ്കരണം ഉപാധികൾ വാങ്ങി നൽകൽ - നിർവ്വഹണത്തിലെ അപാകങ്ങൾ	1-22
28	പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി പൂർത്തീകരണം ഉറപ്പു വരുത്തിയിട്ടില്ല	1-23
29	റോഡ് ക്രോസ് കട്ടിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് വാട്ടർ അതോറിറ്റിയിൽ അധികം നിൽക്കുന്ന തുകയുടെ വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്	1-24
30	പാളിയമംഗലം, അടിപ്പെരണ്ട എം സി എഫുകളിൽ സിസിടിവി സ്ഥാപിക്കൽ ധനവിനിയോഗവിവരം ലഭ്യമാക്കിയില്ല	1-25
31	ശ്രുതിതരംഗം പദ്ധതി (കോക്ലിയർ ഇംപ്ലാന്റേഷൻ)- തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല	1-26
32	ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് ടി.എ 14560രൂപ തിരികെ ഈടാക്കണം	1-27
33	സിസിടിവി ക്യാമറ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്	1-28
34	സാമൂഹ്യസുരക്ഷാപെൻഷൻ മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാബോസിൽ യഥാസമയം നീക്കം ചെയ്യുന്നില്ല	1-29
35	ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങൽ- മരുന്ന് മുഴുവൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്	1-30
36	എ.ബി.സി പദ്ധതി - തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല	1-31
37	വിരമരുന്ന് വിതരണം-ഗുണഭോക്തൃലിസ്റ്റിൽ ഉള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനേക്കാൾ കൂടുതൽ വാങ്ങൽ നടത്തി	1-32
38	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-33
39	ജലജീവൻ മിഷൻ പദ്ധതി അവലോകനം	1-34
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് ടി.എ-14560രൂപ തിരികെ ഈടാക്കണം	3-1
	ഭാഗം 4	
1	മെഡിസെപ് - ഇൻഷൂറൻസ് പ്രീമിയം തുക അടവാക്കൽ വിശദാംശങ്ങൾ	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3

4	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികധനകാര്യപത്രിക	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12/05/2025 തീയതിയിലെ 1(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27/05/25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും

അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയിലൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,
തീയതി: 13.10.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകം ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകം

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 **കാലയളവിലെ** "Net Increase/Decrease In Cash And Cash Equivalents" **ആയി രേഖപ്പെടുത്തിയിരിക്കുന്നത് -5909253 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ** 2024-25 **കാലയളവിൽ** "Net Cash Generated By Operating+Investing+Financing Activity" **ആയി രേഖപ്പെടുത്തിയിരിക്കുന്നത് -47436890 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കു

ന്നതിനുള്ള മാനവൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.ഭരണ സമിതിയുടെ 27.02.2025ന് ചേർന്ന യോഗത്തിലെ തീരുമാനം 2 (1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	32990388
തൻവർഷം വരവ്	320437096
ആകെ വരവ്	353427484
ചെലവ്	338437317
നീക്കിയിരിപ്പ്	14990167

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	46456965
ഓഡിറ്റ് വർഷത്തെ വരവ്	64812683
ആകെ	111269648
ചെലവ്	70721936
നീക്കിയിരിപ്പ്	40547712

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	22522000	22522000	22522000	0
വികസനഫണ്ട് എസ്.സി.പി	0	10017000	10017000	8148280	1868720 (*45000 രൂപയുടെ ചെലവ് സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല)
വികസനഫണ്ട്-ടി.എസ്.പി	0	1456000	1456000	1456000	0
മെയ്ന്റനൻസ് ഗ്രാന്റ് -റോഡ്	0	19008000	19008000	11664104	7343896
മെയ്ന്റനൻസ്	0	6288000	6288000	5239503	1048497

ഗ്രാന്റ്- നോൺ റോഡ്					
CFC-Tied (Bank)	2100963	8227500	10328463	3353986	6974477
CFC-UnTied(Bank)	2138670 *(57 രൂപ കുറവ്)	3990833	6129503	3433369	2696098 (ബാങ്ക് ചാർജ് 36)

വാർഷിക കണക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ എക്സപെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയെ അടിസ്ഥാനമാക്കിയാണ് ഫണ്ട് വിനിയോഗം പരിശോധിച്ചത്.

കേന്ദ്രാവിഷ്കൃതം

എ)

ഫണ്ടിനം	മുൻ ബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
ICDS	2421577	3109497	553109497	1699926	3515301
Health Grant Towards Su[pport For Diagnostic Infrastructure	1058254	433852	1492106	571900	920206
Health Grant Towards Buildingless Subcentre PHC's And CHC's	13993076	395421 (പലിശ വരവ്)	14388497	10108175	4280322 (Bank Charge 21)
Healthgrant Towards Conversion Of PHC's And Subcentres Into Health And Wellness Centre.	412100	652965	1065065	207756	857309

തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	1817	1358903	1360720	1348343	12377
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	39668327	39668327	39668327	0

ആകെ	1817	41027230	41029047	41016670	12377

സംസ്ഥാനാവിഷ്കൃതം

Grant From Suchitwa Mission	341956	97610	439566	374517	65049
Total Sanitation	36779	0	36779	0	36779
ലൈഫ് മിഷൻ (State Share)	2350000	0	2350000	700000	1650000
എസ്.എസ്.എ	565256	19160(പലിശ)	584416	0	584416
ജലനിധി	46503	1296(പലിശ)	47799	-	47799
അഗതിരഹിതകേരളം	122790	0	122790	0	122790

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
217	282939421	161	81814764	57	74.19

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	നടപ്പിലാക്കിതുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	4	9269650	4	7184300	77.50
വെറ്റിനറി സർജൻ	12	2759450	8	1374900	49.83
മെഡിക്കൽ ഓഫീസർ സി.എച്ച്.സി	22	6305773	17	3238815	51.36
മെഡിക്കൽ	3	730000	3	730000	100

ഓഫീസർ ആയുർവേദം					
ഹെഡ് മാസ്റ്റർ	10	1228800	8	739171	60.15
വി.ഇ.ഒ 1	14	95843077	11	8316876	8.67
വി.ഇ.ഒ2	13	88585196		10086000	11.39
മെഡിക്കൽ ഓഫീസര് ഹോമിയോ	4	337442	3	279995	82.98
ICDS സൂപ്പർ വൈസർ	13	7539960	10	6058896	80.36
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1200000	1	1200000	100
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	36	10527680	23	5633136	53.50
അസിസ്റ്റന്റ് എഞ്ചിനീയർ	84	53207873	65	28674581	53.89
അസിസ്റ്റന്റ് സെക്രട്ടറി	14	5404520	8	2564030	47.44
ആകെ	217	282939421	161	81814764	28.9

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	1817	1358903	1360720	1348343	12377
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	39668327	39668327	39668327	0
ആകെ	1817	41027230	41029047	41016670	12377

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമനം	ക്ഷേമ പദ്ധതി	ചെലവഴിച്ചതുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	13815400	847
2	വിധവാ പെൻഷൻ	20667200	1360
3	വാർദ്ധക്യകാല പെൻഷൻ	36433300	2647
4	വികലാംഗ പെൻഷൻ	5512100	352
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1060000	69

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2025 തീയ്യതിയിൽ 3.Pm സമയത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പ്രസ്തുത ദിവസം 474/- (നാനൂറ്റി എഴുപത്തി നാല്) രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ, വാർഷിക പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.
   തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല.തൊഴിൽ നികുതി, വസ്തു നികുതി എന്നിവയിൽ കുടിശ്ശിക നിലനിൽക്കുന്നു.
   സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല
   .വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഗ്രാന്റുകളിൽ വേണ്ടത്ര ചെലവു പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
   ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം	ഓഡിറ്റ്	റിപ്പോർട്ട്

	ഓഡിറ്റ് നടത്തിയ തീയതി	കാലയളവ്	ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19.1.2023	12/2022	20.1.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	29.04.2019 മുതൽ 10.05.2019 വരെ	2014-15 മുതൽ 2018-19 വരെ	10.06.2019

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ 31 ഖണ്ഡികകളും എ. ജി ഓഡിറ്റ് റിപ്പോർട്ടുകളിലെ **6** ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

1-11 തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നതുമൂലം വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന SBI Account.No. 67231263437 നമ്പർ അക്കൗണ്ടിൽ 31.03.2025 തീയ്യതിയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 33,35,711/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ലഭ്യമായിട്ടുള്ള ഏറ്റവും പുതിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 30.06.2025 തീയ്യതിയിലെ നീക്കിയിരിപ്പ് 67,75,822/- രൂപയാണ്.
ഇത് ഒരു പലിശ രഹിത കറന്റ് അക്കൗണ്ട് ആയതിനാൽ ഈ അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് അവശേഷിച്ചതുവഴി ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരവ് നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരി ക്കുന്നതിന്മേൽ വിശദീകരണം ആവിശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/19.07.2025) മറുപടിയായി ലൈഫ് ഭാവന പദ്ധതി സ്റ്റേറ്റ് വിഹിതം 1650000/- രൂപയും, 2025 -26 സാമ്പത്തിക വർഷം ഹഡ്കോ വായ്പ, സ്റ്റേറ്റ് ഷെയർ 3350000/- രൂപയും ടി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട് എന്നും അറിയിച്ചു. ആയതിനാൽ തനത് ഫണ്ട് ഇനത്തിലുള്ള തുക തിട്ടപ്പെടുത്തി, ഭരണസമിതി തീരുമാനത്തിന് വിധേയമായി സ്ഥിര നിക്ഷേപം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും എന്നും മറുപടി ലഭിച്ചു. നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-12 2025ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലേഷൻ നടത്തിയിട്ടില്ല

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഓ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന ത്തിലെ അക്കൌണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി അക്കൌണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളുമായി നീക്കിയിരുപ്പുമായി

പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത അഞ്ചാം തീയതിക്കകം അക്കൌണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. ടി പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള റീകൺസീലിയേഷൻ പൂർത്തീകരിച്ചിട്ടില്ല.
തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സർക്കാർ ഉത്തരവ് (കൈ നം.66/2025/എൽ എസ് ജി ഡി. അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും K- Smart Software Implement ചെയ്തിട്ടുണ്ട്. എന്നാൽ പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നതിനുള്ള സജ്ജീകരണം നാളിതുവരെ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടില്ല. റീകൺസിലിയേഷൻ ചെയ്യുന്നതിനുള്ള ഓപ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് റീകൺസിലിയേഷൻ പൂർത്തീകരിക്കേണ്ടതാണ്.

1-13-1 വാടക കുടിശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കടമുറി നമ്പർ	ഒടുക്കുവാനുള്ള ബാക്കി വാടക തുക
1	11/341	7956
2	11/571	23772
3	4/380	9540
4	4/381	17736
	ആകെ	59004

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/26.07.2025) മറുപടിയായി വാടക കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
വാടക കുടിശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13-2 വാടക ബൈലോയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കടമുറികൾ വാടകക്ക് നൽകുന്നതിനായി 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ബൈലോയ്ക്ക് നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. ബൈലോയ്ക്ക് സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

1-13 വാടക പിരിവ് പരിശോധന സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

വാടക പിരിവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ

ഖണ്ഡികകളായി ചേർക്കുന്നു.

1-14 തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതി ന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധി ച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.തൊഴിൽ നികുതി സ്ലാബിൽ വ്യത്യാസം

തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപന ഉടമ സമർപ്പിക്കപ്പെട്ട റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെയും രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

1.1 എം. ഇ. എസ്. പബ്ലിക് സ്കൂൾ, അടിപരണ്ട എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ, സ്ഥാപന ഉടമ സമർപ്പിച്ചിട്ടുള്ള റിട്ടേൺ പ്രകാരമുള്ള അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ഒന്നാം അർദ്ധവർഷം

ക്രമ നമ്പർ	പേര്, ഉദ്യോഗപേര്	ആകെ ശബളം	ഈടാക്കിയ നികുതി	ഈടാക്കേണ്ട നികുതി	കുറവ്
1	ഹസീന	18000	120	180	60
2	റംസിയ	18000	120	180	60
3	സറീന	18000	120	180	60
4	റിഷാന	18000	120	180	60
5	ഷെരീഫ	18000	120	180	60
6	ജിൻസി	18000	120	180	60
ആകെ			720	1080	360

സ.ഉ.(സാ.ധാ.) നം.1149/2024/LSGD തീയതി 27.06.2024 പ്രകാരം ഗ്രാമപഞ്ചായത്തു കളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിലെ നിരക്കിൽ 2024 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ എം. ഇ. എസ്. പബ്ലിക് സ്കൂൾ, അടിപരണ്ട എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

രണ്ടാം അർദ്ധവർഷം

ക്രമ നമ്പർ	പേര്, ഉദ്യോഗപേര്	ആകെ ശബളം	ഈടാക്കിയ നികുതി	ഈടാക്കേണ്ട നികുതി	കുറവ്
1	ഹസീന	18000	320	450	130

2	റംസിയ	18000	320	450	130
3	സറീന	18000	320	450	130
4	റിഷാന	18000	320	450	130
5	ഷെരീഫ	18000	320	450	130
6	ജിൻസി	18000	320	450	130
ആകെ			1920	2700	780

മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്ന് പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി കുറവായി ഈടാക്കിയ 1140/-രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 12/25.07.2025)

2.**കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല.

ക്രമ നമ്പർ	കരാർ ജീവനക്കാരന്റെ പേര്
1	കെ. വൈ. പൗലോസ്
2	പുഷ്പാകരൻ സി
3	തങ്കച്ചൻ കെ പി
4	കാസിം എസ്
5	ഷാജി പി ഇ
6	രതീഷ്
7	വിനോജ് പോൾ
8	ബാലചന്ദ്രൻ കെ കെ
9	സജിത്ത് കുമാർ എം

ടി കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/25.07.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട് . കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-15 ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 2024-25 വർഷം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ എണ്ണം
1	1	1
2	4	14
3	5	3
4	6	5
5	7	4
6	8	2
7	9	8
8	10	5
9	11	5
10	12	3
11	13	1
12	14	4
13	15	3
14	16	7
15	17	1

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (12/25.07.2025) മറുപടിയായി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

1-16 ആംബുലൻസ് വാടക തുക അടവാക്കുന്നവർക്ക് രസീതി നൽകുന്നതിന് സംവിധാനങ്ങൾ ഇല്ല

2024-25 വർഷത്തിലെ വാർഷികധനകാര്യ പത്രിക RP5 സ്റ്റേറ്റ്മെൻറ് ലെ 150400101 ഹെഡ് ഓഫ് കോഡ് പ്രകാരം 77009/- രൂപ ആംബുലൻസ് വാടക ഇനത്തിൽ വരവ് വന്നിട്ടുണ്ട് . ആംബുലൻസിന്റെ വാടക അടവാക്കുന്ന വ്യക്തികൾക്ക് രസീതി നൽകുന്നതായി കാണുന്നില്ല . ഈ ആംബുലൻസിന്റെ ലോഗ് ബുക്ക്, വാടകനിരക്ക് അംഗീകരിച്ചുകൊണ്ടുള്ള ബൈലോ എന്നിവ ആവശ്യപ്പെട്ട്

നൽകിയ എൻകവയറിക്ക് (17/26.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. ആംബുലൻസിന്റെ വാടക അടവാക്കുന്ന വ്യക്തികൾക്ക് രസീതി നൽകുകയും, രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കിന്റെ വിതരണം രേഖപ്പെടുത്തുകയും ചെയ്യേണ്ടതും ലോഗ്ബുക്ക് സൂക്ഷിക്കേണ്ടതുമാണ്.

1-17 ആയുർവേദ ആശുപത്രിയിലേക്ക് 22449 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 17/25 – ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ - 6,00,000 /-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് - 6,00,000 /- രൂപ

ബിൽ നമ്പർ - 41/2025 തീയതി 23/02/2025

ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രോജക്ടിന് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 6,00,000 രൂപ തൃശ്ശൂർ ഔഷധി ക്ക് നൽകിയിട്ടുണ്ട് (A/C No. 5913005900000015). എന്നാൽ രേഖകൾ പരിശോധിച്ചതിൽ നാളിതുവരെ ചുവടെ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം 577551/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.

(1) 28.2.2025 തീയതിയിലെ ഇൻവോയ്സ് നമ്പർ 90376411 പ്രകാരം 334267/- രൂപയുടെ മരുന്നുകളും

2) 30.3.2025 ലെ ഇൻവോയ്സ് 90382088 ൽ 238050/- രൂപയുടെ മരുന്നുകളും

3) 30.6.2025 തീയതിയിലെ ഇൻവോയ്സ് നമ്പർ 90387357 പ്രകാരം 5234/- രൂപയുടെ മരുന്നുകളുമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള (22449/- രൂപ) മരുന്നുകൾ ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം 9- 25-07-2025)

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഔഷധങ്ങൾ വാങ്ങുന്നതിനായി ഔഷധിക്ക് തുക കൈമാറിയത് 23/02/2025 നാണെന്നും മാർച്ച് 31 മുൻപു തന്നെ ഔഷധിയിൽ സ്റ്റോക്കിലുള്ള പരമാവധി ഔഷധങ്ങൾ സ്ഥാപനത്തിന് ലഭ്യമാക്കിയതായും അറിയിച്ചിട്ടുണ്ട്. കുറച്ച് ഔഷധങ്ങൾ ഔഷധിയിൽ സ്റ്റോക്ക് ഇല്ലാത്തതിനാലാണ് ഇതുവരെ ലഭ്യമാകാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട് . ഔഷധിയിൽ നിന്നും ബാക്കി ഔഷധങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 സാക്ഷരത തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം.	144/25
പ്രോജക്ടിന്റെ പേര്	സാക്ഷരത തുല്യതാ പരിപാടി

നിർവ്വഹണോദ്യോഗസ്ഥ	ഹെഡ് മിസ്ട്രസ്
അടങ്കൽ	100000 (പൊതു വിഭാഗം സാധാരണ വിഹിതം)
ചെലവ്	99600/-
ബിൽ നമ്പർ	3/2024-25
തീയതി	17-2-2025

മേൽപദ്ധതി പ്രകാരം പത്താം തരം തുല്യതാ പഠിതാക്കളായ 24 പേർക്ക് 1950 രൂപ വീതം (കോഴ്സ് ഫീ+ രജിസ്ട്രേഷൻ ഫീ) 24x 1950= 46800 രൂപയും , എസ് സി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് രജിസ്ട്രേഷൻ ഫീസായി 100 രൂപ പ്രകാരം 6 പേർക്ക് 6x100 = 600 രൂപയും,ഹയർസെക്കണ്ടറി തുല്യതാ പഠിതാക്കൾക്ക് ഹയർ സെക്കൻഡറി ഒന്നാം വർഷം തുല്യതാ കോഴ്സിനുള്ള ഫീസായി 13x 2600 (രജിസ്ട്രേഷൻ ഫീ /കോഴ്സ് ഫീ) = 33800/- രൂപയും , 8 പേർക്ക് 2300/- രൂപ പ്രകാരം ഹയർ സെക്കൻഡറി(രണ്ടാം വർഷം) തുല്യതാ കോഴ്സിനുള്ള ഫീസായ 18400/- രൂപയും ചേർത്ത് ആകെ 99600/- രൂപ അനുവദിച്ചിട്ടുണ്ട്. Kerala Literacy Mission ന്റെ അക്കൗണ്ട് നമ്പറിലേക്ക് (02880100113107) 52200/- രൂപയും ഡയറക്ടർ കേരള സ്റ്റേറ്റ് സാക്ഷരത മിഷൻ അതോറിറ്റിക്ക് 47400/- അക്കൗണ്ട് നമ്പർ (57026996123) ലേക്ക് കൈമാറിയിട്ടുണ്ട്.

ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകളും കോഴ്സ് പൂർത്തിയാക്കിവരുടെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5-18/07/2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ 99600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

ഈ പ്രൊജക്ട് വിജയകരമായി നടപ്പിലാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ലഭ്യമാക്കേണ്ടതാണ്.

1-19 എസ്.എസ്. കെ വിഹിതം നൽകൽ-വിനിയോഗ വിവരങ്ങൾ ഇല്ല

പ്രൊജക്ട് നം & പേര്	അടങ്കൽ	ബിൽ നം. /തീയതി	തുക
106/25 എസ്.എസ്. കെ വിഹിതം നൽകൽ	400000 വികസന ഫണ്ട് പൊതുവിഭാഗം - സാധാരണ വിഹിതം	4-2025 SSK Contribution തീയതി 17-2-25	270000 130000

		7-2025 SSK Contribution തീയതി 11-3-25	

ഹെഡ്മാസ്റ്റർ, ജി യു പി എസ്, അയിലൂർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാ ക്കിയിട്ടുള്ള എസ്.എസ്.കെ വിഹിതം നൽകൽ പ്രൊജക്ട് പ്രകാരം എസ്.എസ്.കെ യുടെ (SSK BRC Kollengode)അക്കൗണ്ടിലേക്ക് (IFSC Code: CNRB0000810 A/C No:110014618018) 400000 രൂപ കൈമാറിയിട്ടുണ്ട്. എസ്.എസ്.കെ ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്ററുടെ 2024-25 വർഷത്തെ പഞ്ചായത്ത് എഡ്യൂക്കേഷൻ പ്ലാൻ പ്രകാരം ഫിനാൻഷ്യൽ ടാർജറ്റ് 18.6555 ലക്ഷം രൂപയാണ്

14-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 84/2022/ത.സ്വ.ഭ.വ തീയതി 19.4.2022 ഖണ്ഡിക 8.6(4) ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ തുടങ്ങിയ വിവരങ്ങൾ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എസ് എസ് കെ പ്രോജക്ട് ഓഫീസർ അറിയിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം അയിലൂർ ഗ്രാമപഞ്ചായത്തിൽ പൊതുവിദ്യാല യങ്ങളിൽ (ഓരോ സ്കൂളിനും) എസ് എസ് കെ നടത്തിയ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5-18-07-2025) എസ് എസ് കെ ഡിസ്ട്രിക്ട് പ്രോജക്ട് കോ ഓർഡിനേറ്ററുടെ 23/07/2025 തീയതിയിലെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കി. ആയത് പ്രകാരം താഴെ പറയുന്ന ഏതാനും ചില ഇനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

	Physical Target	Financial Target
Support At Pre-Primary Level	3	2.1126
Support To SCPCR	4	0.0005
Special Projects For Equity	4	0.0673
Provision For Children With Special	33	0.3662
Sports And Physical Education	4	0.0638
Self Defence Training For Girls	433	0.0114

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വിദ്യാലയങ്ങളിൽ മേൽ പ്രവർത്തനങ്ങൾക്കായി എസ് എസ് കെ നടത്തിയ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-20 പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച ചെടിച്ചട്ടി വിതരണം-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം. പേര്	138/25 പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ചത്
അടങ്കൽ ഫണ്ടിനം	498750 /- വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം+ ഗുണഭോക്തൃ വിഹിതം - 166000
ചെലവ്	399000 വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം ഗുണഭോക്തൃ വിഹിതം - 133000 + 6000
ബിൽ നമ്പർ / തീയതി	1) 16/2024-25 തീയതി 11/03/2025 തുക – 399000/- 2) 1355/2025 തീയതി 17/03/2025 Cheque No. JH06303155 Dt 18/03/2025 തുക – 133000/- 3) 1587/2024-25 Dt 26/3/2025 Cheque No. JH06303157 Dt 26/03/2025 തുക – 6000/-

നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രോ ബാഗ് ഉപയോഗിക്കുന്നത് നിർത്തലാക്കുന്നതിന്റെ ഭാഗമായി മൺചട്ടികൾ, കയർപ്പിത്ത് ചട്ടികൾ, HDPE ചെടിചട്ടികൾ തുടങ്ങിയവ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നുള്ള കൃഷി വകുപ്പിന്റെ നിർദേശപ്രകാരം വിഷ രഹിത പച്ചക്കറി കൃഷി

പ്രോത്സാഹിപ്പിക്കുന്നതിന് 2000 രൂപ വില വരുന്ന പോട്ടിംഗ് മിശ്രിതം നിറച്ച പച്ചക്കറി തൈകൾ ഉൾപ്പടെ 10 മൺചട്ടികൾ /HDPE ചട്ടികൾ 75% സബ്സിഡി നിരക്കിൽ വനിതകൾക്ക് നല്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ആയതു പ്രകാരം 13-2-2025 തീയതിയിലെ PKD2425/Pi31 ഇൻവോയിസ് പ്രകാരം VFPCK(palakkad) നിന്നും നേരിട്ട് 266 Unit HDPE ചെടിച്ചട്ടികൾ വാങ്ങിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 18.11.22 തീയതിയിലെ സ.ഉ(സാധാ) 2854/2022 സർക്കുലർ പ്രകാരം HDPEചെട്ടിച്ചട്ടികളുടെ വാങ്ങൽ, ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് ആവണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നേരിട്ട് VFPCK യിൽ നിന്നും വാങ്ങിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8- 23/07/2025) മറുപടിയായി VFPCK ഒരു ആർദ്ധ സർക്കാർ സ്ഥാപനമായതിനാലും, മുൻഗണന കൊടുക്കണെന്നുള്ളതിനാലുമാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. 5/8/2023 തീയതിയിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഡിഎ1/246/2013 -തസ്വഭവ നമ്പർ കത്ത് (തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് അയച്ച് കത്ത്) പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും യൂണിക്ക് ഐ ഡി ഉള്ളതുമായ സ്റ്റാർട്ടപ്പുകളിൽ നിന്ന് 50 ലക്ഷം രൂപവരെയുള്ള എല്ലാത്തരം ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാം എന്നതിലാണ് VFPCK യിൽ നിന്നും വാങ്ങിതെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. തുടർ വർഷങ്ങളിൽ ടെണ്ടർ നടപടികൾ പാലിച്ച് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി - പണി പൂർത്തികരിച്ചിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നവരിൽ മുൻവർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു അനുവദിച്ചത്	ആകെ അനുവദിച്ച തുക	
	ലൈഫ് - ജനറൽ			
1	അസ്മാബി W/O അബ്ദുൾ ഷമീർ വടക്കേപ്പറമ്പ്, കയറാടി	31-03-23	300000	
2	നബീസ W/O കബീർ, വടക്കേപ്പറമ്പ്, കയറാടി	31-03-23	40000	സർക്കിൾ - 1
3	ഓമന W/O അജിത് കുമാർ	31-03-23	340000	

	അരിയക്കോട്			
	ലൈഫ് - പട്ടിക ജാതി			
4	രാധിക W/O അജേഷ്, തോട്ടക്കര , അയിലൂർ	9/02/23	260000	
5	ശർമിള W/O ശിവൻ നെല്ലിക്കാട്ടുപറമ്പ്	9/02/23	300000	
6	രമണി W/O പ്രകാശൻ ,കയറാടി	9/02/23	300000	
7	കല്ല്യാണി W/O നെല്ലിക്കോളൻ, ചക്രായി കോളനി	23/05/23	40000	
8	ബേബി W/O രാജപ്പൻ , ഹരിജൻ കോളനി	28/02/23	350000	
9	ലക്ഷ്മി W/O മാണിക്യൻ, തിരിഞ്ഞക്കോട്	28/02/23	40000	
10	കൃഷ്ണകുമാരി W/O കണ്ണൻ, ചക്രായി	17/03/23	60000	
11	സുന്ദരി W/O കണ്ണൻ, കുറുമ്പൂർ	23/03/23	360000	
12	സംഗീത W/O രവീഷ് , പതിയപ്പടി , കാരക്കാട്ടു പറമ്പ്	23/05/23	340000	
13	തങ്കമണി W/O ദേവൻ എടപ്പാടം	23/05/23	300000	
14	സാവിത്രി W/O വേലു പയ്യാങ്കോട് കോളനി	6/7/23	40000	സർക്കിൾ 2
15	ചാമിയാർ S/O രാമൻ, പയ്യാങ്കോട്	17-03-23	40000	

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23-28/07/2025) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തികരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് കത്ത് നല്കിയതായി അറിയിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 അജൈവ മാലിന്യ സംസ്കരണം ഉപാധികൾ വാങ്ങി നൽകൽ - നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - VEO, സർക്കിൾ I

പ്രോജക്ട് നം	129/25 (അജൈവ മാലിന്യ സംസ്കരണം ഉപാധികൾ വാങ്ങി നൽകൽ)
അടങ്കൽ	10,00,000 (9,00,000-ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, 100,000-ഗുണഭോക്തൃ വിഹിതം)
ചെലവ്	4,50,000(ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)
ബിൽ നം, തീയതി, തുക	1) XVFC/2024-25/P/88 തീയതി 28/03/2025

അയിലൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് വീടുകളിൽ നിന്നും ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പരിധിയിലെ ഭവനങ്ങൾക്ക് അജൈവ മാലിന്യ ഉപാധിയെന്ന നിലയിൽ ബിന്നുകൾ വാങ്ങി നല്കാനാണ് പദ്ധതിയുടെ ലക്ഷ്യം

പ്രോജക്ടിന്റെ ഭാഗമായി, അജൈവ മാലിന്യ സംഭരണ ബിൻ ജെം വഴി ശ്രുതി വേസ്റ്റ് കൺവെൻഷൻ യൂണിറ്റ് & ബയോ കംപോസ്റ്റർ ബിൻ യൂണിറ്റ്, വടകര എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. 450 രൂപ വിലയുള്ള Unbranded HDPE Waste Condainers And Accessories (Domestic)(50 ലിറ്റർ) ബിന്നുകളാണ് ആണ് 2024-25 സാമ്പത്തിക വർഷം വങ്ങിയിട്ടുള്ളത്. 4,50,000 രൂപ മേൽ ബിൽ പ്രകാരം സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് 022105500296 – ICICI ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 27/03/2025 ലെ ടാക്സ് ഇൻവോയ്സ് നമ്പർ 97 പ്രകാരം 1000 ബിന്നുകളാണ് വാങ്ങിയിട്ടുള്ളത്.

17 വാർഡുകളിലായാണ് ബിന്നുകൾ വിതരണം ചെയ്തിട്ടുള്ളത് . വാർഡ് 6 -59 എണ്ണം, വാർഡ് 15 - 56, വാർഡ് 17 – 50 ബാക്കിയുള്ള 14 വാർഡുകളിൽ 58 വീതം ആകെ 977 ബിന്നുകളാണ് വിതരണം ചെയ്തിട്ടുള്ളത്

1) 13/09/2024 തീയതിയിലെ 1 (7) ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ച 530 പേരുടെ ഗുണഭോക്തൃ ലിസ്റ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെ ബിന്നുകൾ വാങ്ങുകയും പിന്നീട്

അംഗീകാരം വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിന് ജൂലൈ മാസത്തിലെ ഗ്രാമസഭയോഗങ്ങളിൽ സാധൂകരണം നല്കി അംഗീകരിച്ചിരുന്നു. 14/07/2025 തീയതിയിലെ 1(5) തീരുമാനമാനത്തിൽ മുൻഗണന ഗുണഭോക്തൃ ലിസ്റ്റ് യോഗത്തിൽ അംഗീകരിക്കുകയും അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനായി നിർവഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് സാധൂകരണം നല്കിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുകയാണുണ്ടായത്)

2) 2087 ഗുണഭോക്താക്കളിൽ നിന്നും 45 രൂപ ഗുണഭോക്തൃ വിഹിതമായി ആകെ 93915 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബിൻ വാങ്ങുന്നതിന് തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത് തൻവർഷത്തേത് വിനിയോഗിച്ചിട്ടില്ല.
3) 17 വാർഡുകളിലെയും വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 977 മാത്രമാണ് വിതരണം ചെയ്തതിട്ടുള്ളത്. ബാക്കി 23 എണ്ണം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 23 -28/07/2025 - ന് മറുപടി ലഭ്യമാക്കിയതിൽ നിലവിൽ പദ്ധതി നടന്നുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. 23 ബിന്നുകൾ കേടുപാട് സംഭവിച്ചത് കൊണ്ടാണ് വിതരണം നടത്താൻ കഴിയാതിരുന്നതെന്നും കേടുവന്നതിനു പകരം ബിന്നുകൾ മാറ്റി നൽകുന്നതിന് തീരുമാനമെടുത്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 1087 പേർക്കു കൂടി ബിന്നുകൾ നല്കുന്നതിനായി വിതരണ ഏജൻസിക്ക് ഓർഡർ നൽകിയതായി അറിയിച്ചിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം പിരിച്ച തുകയിൽ നിന്നും നൽകേണ്ടിയിരുന്ന 45000/- രൂപ കൂടി വികസന ഫണ്ടിൽ നിന്നും നൽകിയതുമൂലം ഗുണഭോക്തൃ വിഹിതം ഇനത്തിൽ വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 45000/-രൂപ വികസന ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

23 ബിന്നുകൾ വിതരണം ചെയ്യേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

<u>1-23 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി പൂർത്തീകരണം ഉറപ്പു വരുത്തിയിട്ടില്ല</u>

പ്രോജക്ട് നം 15/25

നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ - 1057320 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 1057000 (വൗച്ചർ നം XVFC/24-25/P/63-951300/ 18.03.25,

XVFC/24-25/P/68/ 21.03.25-105700)

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുദ്ദേശിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി ആയാണ് നടപ്പിലാക്കുന്നത്. 25.11.2024 ലെ 1(4) നം പ്രകാരം വീഴ്ലി കുന്നംകാട്

(വാർഡ് 15), വാഴാഞ്ചേരി, കുണ്ടിലിടിവ് (വാർഡ് 8), കോഴിക്കാട് (വാർഡ് 7) എന്നിവിടങ്ങളിലെ പൈപ്പ് ലൈൻ നീട്ടൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ KWA നൽകിയ എസ്റ്റിമേറ്റിൽ വീഴ്ലി കാന്തളം റോഡിലെ (ക്രമ നം 1 വാർഡ് 15) പ്രവൃത്തിക്ക് മാത്രമാണ് തുക കണക്കാക്കിയിട്ടുള്ളത്. ഇതനുതരിച്ച് 10,57,000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ , പി.എച്ച് ഡിവിഷൻ കൽമണ്ഡപം പാലക്കാടിന് തുക നൽകിയിട്ടുണ്ട്. തീരുമാനം പരിഷ്കരിച്ചതിന്റെ രേഖകൾ ഇല്ല.

നടപ്പാക്കാനുദ്ദേശിച്ച മുഴുവൻ സ്ഥലങ്ങളിലും പ്രവൃത്തി നടപ്പാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ക്രമ നം 2,3 പ്രകാരമുള്ള പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് ആ സ്ഥലങ്ങളിൽ പ്രവൃത്തി നടപ്പാക്കാതിരുന്നതെന്നറിയിച്ചു. വീഴ്ലി കാന്തളം റോഡ് നവീകരണത്തിനായി PMGSY പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ റോഡ് പ്രവർത്തികൾ ആരംഭിക്കുന്നതിനു മുമ്പേ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതിനാലാണ് ഇപ്രകാരം ചെയ്തതെന്നും അറിയിച്ചു.

പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം 19/26.07.25)

1-24 റോഡ് ക്രോസ് കട്ടിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് വാട്ടർ അതോറിറ്റിയിൽ അധികം നിൽക്കുന്ന തുകയുടെ വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്

2023-24 വർഷം പൊതുടാപ്പുകളുടെ ഡിസ്കണക്ഷൻ പ്രവൃത്തിക്കായി 5,20,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ 87784 രൂപ മാത്രമാണ് പ്രസ്തുത പ്രവൃത്തിക്കായി ചെലവായിട്ടുള്ളത്. 05.07.2024 ൽ ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ബാക്കി തുക 4,32,216 വിനിയോഗിക്കാതെ വാട്ടർ അതോറിറ്റിയിൽ ബാക്കിയുണ്ട്. നെന്മാറ-ഒലിപ്പാറ PWD റോഡിൽ CRIF ഫണ്ട് ഉപയോഗിച്ച് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്നതിനാൽ ആ റോഡിൽ റോഡ് ക്രോസിംഗ് ലഭ്യമാക്കി കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി ഈ ബാലൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകുകയും ഇതനുസരിച്ച് 02.09.24 ലെ 4(1) തീരുമാനം പ്രകാരം ഭരണസമിതി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 12.09.24 ന് സെക്രട്ടറി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്.

11.04.2025 ന് ബഹു: ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ അയിലൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം സംബന്ധിച്ച യോഗ തീരുമാനത്തിൽ റോഡ് ക്രോസ് കട്ടിംഗ് പ്രവൃത്തികൾ എത്രയും വേഗം

പൂർത്തിയാക്കണമെന്നും റോഡ് പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം ഈ പ്രവൃത്തി നടപ്പാക്കാൻ ശ്രമിക്കുന്നത് വലിയ സാമ്പത്തിക നഷ്ടം സർക്കാരിന് സംഭവിക്കുമെന്ന സാഹചര്യം മുന്നിൽ കണ്ടു കൊണ്ടാണ് മേൽ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

നിലവിൽ റോഡ് ക്രോസ് കട്ടിംഗ് പ്രവൃത്തികൾ പൂർത്തീകരണ സ്ഥിതിയിലാണെന്നും തുക വിനിയോഗം സംബന്ധിച്ച റിപ്പോർട്ടുകൾ ഉടൻ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.
(ഓഡിറ്റ് അന്വേഷണം നം 20/26.07.25)

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 പാളിയമംഗലം, അടിപ്പെരണ്ട എം സി എഫുകളിൽ സിസിടിവി സ്ഥാപിക്കൽ ധനവിനിയോഗവിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് - 30/25

(പാളിയമംഗലം, അടിപ്പെരണ്ട എം സി എഫുകളിൽ സിസിടിവി സ്ഥാപിക്കൽ)

അടങ്കൽ- 792000 (ധനകാര്യകമ്മീഷന് ഗ്രാന്റ്)

ചെലവ് - 792000 (വൗച്ചർ നം XVFC/24-25/P/30, Dt 05.11.2024)

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന ഡെപ്പോസിറ്റ് വർക്കായിട്ടാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. പാളിയമംഗലം എം.സിഎഫിലും തൊട്ടടുത്തുള്ള അങ്കണവാടിയിലുമായി ക്യാമറ സ്ഥാപിക്കുന്നതിന് 227000 രൂപയും അടിപ്പരണ്ട എം.സി എഫിൽ ക്യാമറ സ്ഥാപിക്കുന്നതിന് 565000 രൂപയുമാണ് എസ്റ്റിമേറ്റ് .

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ 02.05.2025 ന് നൽകിയ കത്ത് പ്രകാരം പദ്ധതി പൂർത്തിയാക്കിയതായും ക്യാമറ സ്ഥാപിച്ചിട്ടുള്ളതായും ക്യാമറയുൾപ്പെയുള്ള അനുബന്ധ സ്ഥാപനങ്ങൾ സെക്രട്ടറിക്ക് കൈമാറുന്നതായും അറിയിച്ചിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധിച്ചു. എന്നാൽ ഡെപ്പോസിറ്റ് ചെയ്ത മുഴുവൻ തുകയും ചെലവായിട്ടുണ്ടോ എന്ന വിവരം രേഖകൾ സഹിതം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും ആയത് ലഭ്യമാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം 11/25.07.25) മറുപടി ലഭ്യമാക്കി.

സിസിടിവി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നാളിതു വരെ ചുമതല നൽകിയട്ടില്ല. ചുമതല നൽകുന്നതാണെന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പരിശോധനാ ഇടവേളകൾ , സമയം , നാളിതു വരെ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ അറിയിക്കുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ക്യാമറ വീഡിയോ വിവരങ്ങൾ എല്ലാ ദിവസങ്ങളിലും കൃത്യമായി നിരീക്ഷിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥർക്ക് വ്യക്തമായ ഓഫീസ് ഓർഡർ നൽകേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ശ്രുതിതരംഗം പദ്ധതി (കോക്ലിയർ ഇംപ്ലാന്റേഷൻ)- തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട്	88/25, ശ്രുതിതരംഗം പദ്ധതി (**കോക്ലിയർ ഇംപ്ലാന്റേഷൻ**)
അടങ്കൽ	₹50000 (വികസനഫണ്ട് - പൊതുവിഭാഗം)
ചെലവ്	₹50000
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം.
ബിൽ നം./തീയതി	**23/27.12.2024** (BRN-241406520184 01076488/21.12.24)

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 50000രൂ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് (PUNB0330100-3301005800000015) കൈമാറിയിട്ടുണ്ട്. **മുഹമ്മദ് റയാൻ.എ, S/O അബ്ദുൾ സത്താം എം, മഞ്ഞളൂർ കളം, ഒലിപ്പാറ** എന്ന വിദ്യാർത്ഥിക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

സ.ഉ സാധാ നം. 162/2023/SJD/26.07.2023 പ്രകാരം വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകണമെന്നും തസ്വഭ (ഡി എ) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023-തസ്വഭവ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കൈമാറിയ തുക പൂർണ്ണമായും ഈ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ടോ എന്ന വിവരമോ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 07/19-07-25) നൽകിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള തുടർനടപടി കൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-27 ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് ടി.എ 14560രൂപ തിരികെ ഈടാക്കണം

ധനകാര്യവകുപ്പിന്റെ നമ്പർ 2629474/വ്യയം -സി1/104/2023 തിയ്യതി 15.02.2024 ലെ ഉത്തരവ് പ്രകാരം ഡ്രൈവർമാരുടെ ദിനബത്ത സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഡ്രൈവർമാർക്ക് ഹെഡ് ക്വാർട്ടേഴ്സ് വിട്ട് മറ്റ് ജില്ലകളിലേക്ക് നടത്തുന്ന യാത്രകൾക്ക് മാത്രമാണ് ഇൻസിഡെന്റൽ എക്സ്പൻസും ഹാൾട്ടുണ്ടെങ്കിൽ ദിനബത്തക്കും അർഹതയുള്ളത് എന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് ദിവസനവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർക്ക്

(ശ്രീ. രാജൻ.വി) ആകെ 14560 രൂപ ദിനബത്ത നൽകിയിട്ടുള്ളതായി കാണുന്നു.

(1.വൗച്ചർ നം 22400194/06.06.2024- 7970

2. വൗച്ചർ നം 22400980/08.01.2025- 6590)

പാലക്കാട് ജില്ലാ പരിധിയിൽ തന്നെ ദൈനംദിനജോലിയുടെ ഭാഗമായി വാഹനം ഓടിക്കുന്നതിനാണ് ഇപ്രകാരം യാത്രാബത്ത അനുവദിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

തുക തിരിച്ചു പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം 25/28.07.25) മറുപടിയായി ഓഡിറ്റ് പരാമർശം ഉണ്ടാകുന്ന അവസരത്തിൽ തുക തിരികെ അടവാക്കാം എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും തുക തിരികെ ഈടാക്കാമെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 14560 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (വിശദവിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.)

1-28 സിസിടിവി ക്യാമറ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ച്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പൊതുവിഭാഗം വികസനഫണ്ട് ഉപയോഗിച്ച് സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിനായി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന ഡെപ്പോസിറ്റ് വർക്കായിട്ടാണ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം 18/26.07.25, മറുപടി ലഭ്യമാക്കി)

ക്രമ നം	പ്രോജക്ട് നം	അടങ്കൽ	ക്യാമറ സ്ഥാപിക്കുന്ന സ്ഥലം	ചെലവ്	ബിൽനം / തിയ്യതി

1.	148/25 (സ്പിൽ ഓവർ)	6,60,000	NSS കോളേജ് - അയിലൂർ റോഡ്, അയിലൂർ പാലം, തിരുവഴിയാട് പാലം	6,60,000	5/20.07.24
2.	12/25	1,63,000	പൊതു ശ്മശാനം	1,63,000	15/26.09.24

ക്രമ നം 1 പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 28.02.2024 ലെ 4(2) നം തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് തുക പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിൽ (130159B004 ഡി.ഡി.ഒ കോഡിൽ) നിക്ഷേപിച്ചിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സിസിടിവി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതിലൈൻ ദീർഘിപ്പിക്കേണ്ടതുണ്ട് എന്നും ഇതിനുള്ള ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കണമെന്നും അറിയിച്ചിട്ടുണ്ട്. 23.05.2025 ന് കെ.എസ്.ഇ.ബി യുടെ കയറാടി ഇലക്ട്രിക്കൽ സെക്ഷന് വൈദ്യുതിലൈൻ ദീർഘിപ്പിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.

നിലവിൽ ഈ സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ചിട്ടില്ല എന്നും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതികണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം 2 പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 11.07.2024 ലെ 7(2) നം തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് തുക പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിൽ (130159B004 ഡി.ഡി.ഒ കോഡിൽ) നിക്ഷേപിച്ചിച്ചുണ്ട്. സിസിടിവി സ്ഥാപിച്ചതായി 02.05.2025 ൽ അറിയിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത മുഴുവൻ തുകയും പ്രവൃത്തിക്കായി വിനിയോഗിച്ചിട്ടുണ്ടോ എന്നത് തെളിയിക്കുന്നതിനായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം സിസിടിവി പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ല എന്ന് മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. ക്യാമറ വീഡിയോ വിവരങ്ങൾ എല്ലാ ദിവസങ്ങളിലും ക്യത്യമായി നിരീക്ഷിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥർക്ക് വ്യക്തമായ ഓഫീസ് ഓർഡർ നൽകേണ്ടതാണ്.

2. പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പിഴ സംബന്ധിച്ച നിരക്ക് മാനദണ്ഡങ്ങൾ, ഈ വിഷയത്തിലുള്ള കേസ്, തർക്കങ്ങൾ എന്നിവയ്ക്ക് സ്വീകരിക്കേണ്ട നടപടികൾ എന്നിവ നിശ്ചയിച്ച് ഭരണസമിതി തലത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

1-29 സാമൂഹ്യസുരക്ഷാപെൻഷൻ മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാബോസിൽ യഥാസമയം നീക്കം ചെയ്യുന്നില്ല

അനർഹരെയും മരണപ്പെട്ടവരെയും പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ

(ഓഡിറ്റ് അന്വേഷണം നം 10/ 25.07.2025 മറുപടി ലഭ്യമാക്കി)

1. ബാങ്ക് മുഖാന്തരം സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്ന ഏതാനും ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം ബന്ധുക്കൾ അറിയിച്ചതിനെ തുടർന്ന് ഇവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇവർ മരണപ്പെട്ടതിനു ശേഷം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തുകകൾ തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ നിർദ്ദിഷ്ട അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

ഗുണഭോക്താക്കളുടെ വിവരം താഴെ പറയുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര് , വിലാസം	മരണപ്പെട്ട തിയ്യതി	മരണശേഷം ക്രെഡിറ്റ് ആയ തുക	തുക ക്രെഡിറ്റ് ആയ ബാങ്ക
1	ലക്ഷ്മി. ആർ W/O സുബ്രഹ്മണ്യൻ പാലമൊക്ക് (കർഷകത്തൊഴിലാളി പെൻഷൻ)	28.10.2024	1600	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, A/C No-424352268141 എലപ്പുള്ളി ശാഖ
2	ബാലസുബ്രഹ്മണ്യൻ എ. എൻ, ഒന്നാം വിളക്ക് തെരുവ്	22.02.2022	27200	യൂണിയൻ ബാങ്ക് , A/C No-24171519087 അയിലൂർ

ഗുണഭോക്താക്കളുടെ മരണശേഷം ക്രെഡിറ്റ് ആയ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അതത് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക തിരിച്ചടവാക്കിയ വിവരം രേഖാമൂലം ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. തിരിച്ചടച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

2. സഹകരണ സ്ഥാപനങ്ങൾ മുഖേന "ഡയറക്ട് ടു ഹോം" ആയി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ Deceased എന്നു ഡി.ബിറ്റി

രേഖകളിൽ കാണിക്കുന്നുണ്ടെങ്കിലും അന്വേഷണം നടത്തി ഇത്തരത്തിലുള്ളവരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്.

സഹകരണസ്ഥാപനങ്ങൾ മുഖേന നേരിട്ട് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ സേവന പെൻഷൻ സോഫ്റ്റ്വെയറിൽ എല്ലാ മാസവും പരിശോധിക്കുകയും വാർഡ് മെമ്പർ, ആശാവർക്കർ, അങ്കണവാടി ടീച്ചർ എന്നിവർ മുഖാന്തരം പരിശോധന നടത്തി മരണപ്പെട്ടെന്ന് ഉറപ്പാക്കുന്നവരെ സസ്പെൻഡ് ചെയ്യുന്നതായി അറിയിച്ചു. ധനകാര്യവകുപ്പിന്റെ സർക്കുലർ നം 63/21 തിയ്യതി 02.08.2021 പ്രകാരം ഒരു പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമുള്ള വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം തൊട്ടടുത്ത മാസം 10 ാം തിയ്യതിക്ക് മുമ്പായി മരണപ്പെടുന്ന വ്യക്തി സ്ഥിരതാമസമാക്കിയ പ്രാദേശിക സർക്കാരിനെ അറിയിക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു ണ്ടെങ്കിലും വിവരങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല എന്നറിയിച്ചു.

ഈ വിഷയത്തിൽ ഇനിയും നിലനിൽക്കുന്ന പ്രശ്നങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന വകുപ്പ് തലത്തിൽ അറിയിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

1-30 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങൽ- മരുന്ന് മുഴുവൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്

പ്രോജക്ട് നം 232/25

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 100000 (ബിൽ നം 1/11.03.25)

മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല.

നിലവിൽ AHIMS-2 (Ayush Homeopathy Information Management System) സോഫ്റ്റ് വെയർ ആയി ബന്ധിപ്പിച്ചിട്ടുള്ള മരുന്ന് വാങ്ങൽ സംവിധാനം നിലവിൽ വന്നതിനാൽ 11.03.25 ന് തുക നൽകിയ മരുന്നുകളുടെ ഇൻവോയ്സ് 11.06.2025 ന് പുതുക്കി നൽകുകയും ആയതനുതരിച്ച് ഇൻവോയ്സ് നം LF-597 /02.07.2025 പ്രകാരം 5173 രൂപയുടെ മരുന്നുകൾ 07.07.2025 ന് സ്ഥാപനത്തിൽ എത്തിയിട്ടുണ്ട്. 94827 രൂപയുടെ കൂടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം 22/28.07.25) മറുപടിയായി മരുന്നുകൾ ലഭ്യമാക്കേണ്ടതാണെന്നു കാണിച്ചു കൊണ്ട് ഹോംകോയ്ക്ക് കത്ത് നൽകിയതായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും രേഖകൾ സഹിതം

ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-31 എ.ബി.സി പദ്ധതി - തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം 128/25, പ്രോജക്ട് നം 205/25 (S.O) എന്നിങ്ങനെ 2 പദ്ധതികൾ എ.ബി.സി പ്രോഗ്രാമിനായി തൻവർഷം നടപ്പാക്കിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ജില്ലാ പഞ്ചായത്തിന് തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം	അടങ്കൽ	ചെലവ്
128/25	300000 (വികസനഫണ്ട്-ജനറൽ)	300000 (ബിൽ നം 13/17.03.2025)
205/25 (S.O)	300000 (തനത് ഫണ്ട്)	300000 വൗച്ചർ നം 22401271/10.03.25

ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ട് നം - 799011400002200 ലേക്ക് മേൽതുകകകൾ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഒരു നായക്ക് 1500 രൂപയാണ് എ.ബി.സി പ്രോഗ്രാം പ്രകാരം ചെലവ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം ഓരോ വർഷവും (2023-24, 2024-25) എത്ര നായ്ക്കളെ വീതം വന്ധ്യംകരിച്ചിട്ടുണ്ട് എന്നതിന്റെ രേഖകളും തുക ബാക്കി നിൽക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കിയ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 25/28.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

സ.ഉ (സാധാ) നം 2244/22/15.09.2022 പ്രകാരം സംസ്ഥാനത്തെ തെരുവുനായക്കൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾക്ക് പുറമെ ഒരു അടിയന്തരകർമ്മ പരിപാടി പ്രാദേശിക സർക്കാർ തലത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ച് തദ്ദേശ സ്ഥാപനതലത്തിലുള്ള ജനകീയകമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റിക്ക് ഉത്തരവാദിത്തങ്ങൾ നിശ്ചയിച്ചിട്ടുള്ളതുമാണ്. എന്നാൽ തദ്ദേശ സ്ഥാപനതലത്തിൽ ജനകീയകമ്മിറ്റി രൂപീകരിച്ചതിന്റെയും ആയതിന്റെ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ തെരുവുനായ്ക്കളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ടോ, ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

എ.ബി.സി പദ്ധതിയുടെ നടത്തിപ്പും പൂർത്തീകരണവും ഉറപ്പു വരുത്തേണ്ടതും തെരുവുനായ്ക്കൾ മൂലമുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. മൃഗസംരക്ഷണം,

ആരോഗ്യം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പുകൾ ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 വിരമരുന്ന് വിതരണം-ഗുണഭോക്തൃലിസ്റ്റിൽ ഉള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനേക്കാൾ കൂടുതൽ വാങ്ങൽ നടത്തി

പ്രോജക്ട് നം 124/25

(മൃഗാശുപത്രിയിലേക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും വാങ്ങൽ)

അടങ്കൽ- 200000 (റോഡിതര മെയിന്റനൻസ് ഫണ്ട്)

ചെലവ് -200000 (17/25.03.25)

ധാതുലവണ മിശ്രിതവും വിരമരുന്നും വാങ്ങുന്നതിനായി ആകെ 200000 രൂപ നെന്മാറ കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന് നൽകിയിട്ടുണ്ട്. POW MINAL FORTE 1 Kg 1600 പാക്കറ്റ് (EXP 10/26), BOL FENDRAN 1.5 800 പാക്കറ്റ് (EXP 01/28),എന്നീ മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024 ലെ 1(1) നം തീരുമാനം പ്രകാരം പദ്ധതിക്കായി ആകെ 119 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

1. വിതരണ വിവരം രേഖപ്പെടുത്തിയത് പ്രകാരം ആകെ 107 ഗുണഭോക്താക്കൾക്ക് മാത്രമാണ് മരുന്നുകൾ വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ളവർക്ക് വിതരണം നടത്തിയതിന്റെ വിവരങ്ങൾ ഇല്ല.

2. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരം ഒരു ഉരുവിന് പരമാവധി 1200 രൂപ മാത്രമാണ് ഈയിനത്തിൽ ചെലവാക്കാവുന്ന തുക. 119 ഗുണഭോക്താക്കൾക്കായി ആകെ 200000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിന്റെയും ഉരുക്കളുടെ എണ്ണത്തിന് ആനുപാതികമായാണോ തുക നൽകിയത് എന്ന് വ്യക്തമല്ല.

3. 23.06.2025 ൽ വെറ്ററിനറിസർജൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലഭ്യമാക്കിയ കത്തിൽ 200 പേർക്കുള്ള ധാതുലവണ മിശ്രിതവുംവിരമരുന്നും വാങ്ങിയിട്ടുണ്ടെന്നും ഗുണഭോക്തൃലിസ്റ്റിൽ 119 പേരാണുള്ളതെന്നും ഇവർക്ക് വിതരണം ചെയ്ത് കഴിഞ്ഞ് ബാക്കിയുള്ള 81 പേർക്കുള്ള ധാതുലവണ മിശ്രിതവും വിരമരുന്നും ഡിസ്പെൻസറിയിൽ ബാക്കിയാകുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

4. ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതിരുന്നിട്ടും പദ്ധതിക്കായി ആവശ്യത്തിലേറെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പ് , ഗുണഭോക്തൃതെരഞ്ഞെടുപ്പ് , വിതരണം ഇവയിൽ വ്യക്തത വരുത്തേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 25/28.05.25)

119 പേർ മാത്രം ഗുണഭോക്താക്കളായുള്ള പദ്ധതിക്കായി 200 പേർക്കുള്ള മരുന്നും, ധാതുലവണ മിശ്രിതവുംവിരമരുന്നും വാങ്ങിയിട്ടുണ്ടെന്നും 119 പേർക്ക് വിതരണം ചെയ്ത് കഴിഞ്ഞ് ബാക്കിയുള്ള 81 പേർക്കുള്ള

ധാതുലവണമിശ്രിതവും വിരമരുന്നും ഡിസ്പെൻസറിയിൽ ബാക്കിയുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും ഒരു ഉരുവിന് പരമാവധി ചെലവഴിക്കാവുന്നത് 1200 രൂപയായതിനാലും ഇല്ലാത്ത 81 പേർക്ക് വേണ്ട് ചെലവഴിച്ച 81 X 1200 =97200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും മരുന്നുകൾ എത്രയും വേഗം പൂർണ്ണമായും വിതരണം ചെയ്തും രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ തന്നെ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചുകിട്ടുന്നുണ്ട്. പഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 4/17.07.25 ന് സെക്രട്ടറി, മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനങ്ങൾ ചുവടെ ചേർക്കുന്നു.
സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖാന്തരം നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. കുടുംബാരോഗ്യകേന്ദ്രത്തിന് ആകെ 5 ഉപകേന്ദ്രങ്ങൾ മാത്രമാണുള്ളത്.

2021-22 വർഷം മുതൽ 31.03.2025 വരെ ലഭ്യമായ ഗ്രാന്റിന്റെയും നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും വിവരം

സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള ധനസഹായം

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ	ആകെ	ചെലവ്	നീക്കിയിരിപ്പ്
2023-24	0	13875000	118076	13993076	0	13993076
2024-25	13993076		395421	14388497	10108196	428031

സ്കീം-3 ന് ((ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ) ലഭ്യമായ ഫണ്ട്

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ	ആകെ	ചെലവ്	നീക്കിയിരിപ്പ്
2021-22	0	264733	957	265690	0	265690
2022-23	265690	0	1842	267532	31851	235681
2023-24	235681	968000	14899	1218580	160326	1058254
2024-25	1058254	433852	0	1492106	571902	920204

സ്കീം 4ന് (ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ) ലഭ്യമായ ഫണ്ട്

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ	ആകെ	ചെലവ്	നീക്കിയിരിപ്പ്
2022-23	0	135570	940	136510	0	136510
2023-24	136510	403000	7144	546654	134554	412100
2024-25	412100	652965	0	1065065	207756	857309

ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തെയും ഉപകേന്ദ്രങ്ങളെയും ഹെൽത്ത് & വെൽനെസ്സ് സെന്ററുകളാക്കി മാറ്റൽ പ്രവർത്തനങ്ങൾ വിലയിരുത്തൽ

കുടുംബാരോഗ്യകേന്ദ്രത്തെയും ഉപകേന്ദ്രങ്ങളെയും ഹെൽത്ത്&വെൽനെസ്സ് സെന്ററുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. പ്രധാനമായും മരുന്ന്, ലാബ് റീഏജന്റുകൾ എന്നിവ വാങ്ങുന്നതിനാണ് തുകകൾ ചെലവഴിച്ചിട്ടുള്ളത്. ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഗ്രാന്റ് ഉപയോഗിച്ച് വെൽനെസ്സ് പ്രവർത്തനങ്ങൾ, ബോധവത്കരണ പ്രവർത്തനങ്ങൾ, ആരോഗ്യശീലങ്ങളിൽ മാറ്റം വരുത്തേണ്ടത് പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇവ നടപ്പാക്കുന്നതിന് ഹെൽത്ത് ഗ്രാന്റ് തുക ചെലവഴിച്ചിട്ടില്ല. എന്നാൽ പാലിയേറ്റീവ് ഉൾപ്പെടെയുള്ള ഫീൽഡ് തല പ്രവർത്തനങ്ങളും ജീവിത ശൈലീ രോഗനിർണ്ണയ ക്യാമ്പുകൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവത്കരണ ക്ലാസ്സുകൾ, ഇ-സഞ്ജീവനി ക്ലിനിക്, ഹെൽത്ത് മേളകൾ, WELL WOMEN ക്ലിനിക്, യോഗ ക്ലാസ്സുകൾ തുടങ്ങിയവ നടത്തി വരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം

കുടുബാരോഗ്യകേന്ദ്രത്തിനു കീഴിൽ 5 ഉപകേന്ദ്രങ്ങളാണുള്ളത്. അയിലൂർ, അരിയക്കോട്, കയറാടി, അടിപ്പെരണ്ട, കോഴിക്കാട് എന്നിവയാണ് അവ. കെട്ടിടങ്ങൾ ഇല്ലാത്ത കുടുബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള ധനസഹായം ഉപയോഗിച്ച് 5 എണ്ണത്തിനും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കി വരുന്നു. നിലവിൽ വാടക കെട്ടിടത്തിലും ഗ്രാമപഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങളിലുമാണ് ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.
5000 ജനങ്ങൾക്ക് 1 ഉപകേന്ദ്രം എന്നതാണ് ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള അനുപാതം . നിലവിൽ 31000 ൽ പരം ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തിൽ ആനുപാതികമായ എണ്ണം ഉപകേന്ദ്രങ്ങൾ ഇല്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. 5 JPHN തസ്തികകളിൽ നിലവിൽ 3 സ്ഥിരം ജീവനക്കാരും 1 അഡ്ഹോക് JPHNഉം ജോലി ചെയ്യുന്നു. 1 തസ്തിക ഒഴിഞ്ഞു കിടക്കുന്നു. 5 MLCP നേഴ്സുമാർ ഉണ്ട്.
കുടിവെള്ളം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ എന്നിവ എല്ലാ ഉപകേന്ദ്രങ്ങളിലും നിലവിലുണ്ട്.
സ്കീം 1, 3,4 എന്നിവക്കായി ഗ്രാമപഞ്ചായത്ത് പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളതും ആയത് പി. എഫ്. എം. എസ് ൽ ബന്ധിപ്പിച്ചിട്ടുള്ളതുമാണ്.

ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പദ്ധതികൾ മോണിറ്റർ ചെയ്യുന്നില്ല

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തേണ്ടതാണെങ്കിലും ഇത്തരത്തിൽ മോണിറ്ററിംഗ് നടക്കുന്നില്ല. നിർവ്വഹണ പുരോഗതി സംബന്ധിച്ച റിപ്പോർട്ടുകൾ NHM നും ഗ്രാമപഞ്ചായത്തിനും നൽകുന്നുണ്ടെങ്കിലും ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ക്ക് റിപ്പോർട്ട നൽകുന്നില്ല എന്ന് മെഡിക്കൽ ഓഫീസറുടെ മറുപടിയിൽ സൂചിപ്പിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

.ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവ ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .

.ഉപകേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതും സ്കീം 1 പ്രകാരം തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.
കുടുംബാരോഗ്യകേന്ദ്രത്തോടൊപ്പം ആരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും വെൽനെസ്സ് പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.

1-34 ജലജീവൻ മിഷൻ പദ്ധതി അവലോകനം

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ജലജീവൻ മിഷൻ, രണ്ടായിരത്തി ഇരുപത്തി നാലോടെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പ് വഴിയുള്ള ശുദ്ധജല കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2019 ഓഗസ്റ്റിൽ ആരംഭിച്ചതാണ്. ജലജീവൻമിഷൻ പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ

ഏജൻസി കേരള വാട്ടർ അതോറിറ്റിയും,നിർവ്വഹണ സഹായ ഏജൻസി കേരള അസ്സോസിയേഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റുമാണ്. ജലജീവൻ പദ്ധതിയിൽ പഞ്ചായത്തുകളുടെ 15% വിഹിതം ഉൾപ്പെടുന്നു. ജന പങ്കാളിത്തത്തോടെ സമഗ്രവും ശാസ്ത്രീയവുമായ പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിച്ച് ഗ്രാമത്തിലെ എല്ലാ വീടുകളിലേക്കും എപ്പോഴും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ജലജീവൻ മിഷന്റെ ലക്ഷ്യം.

ഗ്രാമപഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതി നടത്തിപ്പിലെ പുരോഗതി വിവരങ്ങൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 02/17.07.2025) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

<u>നാളിതുവരെ പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി പൂർത്തിരിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലായി ജൽജീവൻ മിഷൻ കുടിവെള്ളപദ്ധതി യിൽ ഉൾപ്പെട്ടിട്ടുള്ള 5368 ഗുണഭോക്താക്കൾ ആണ് ആകെയുള്ളത്. കുടിവെള്ള കണക്ഷൻ നൽകിയ കുടംബങ്ങളുടെ എണ്ണം 3948 ആണ് ഇനി ഈ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകാനുള്ള കുടംബങ്ങളുടെ എണ്ണം -1420 ആണ്

<u>ശുദ്ധജല വിതരണവും ജൈവ പരിസ്ഥിതി നീർത്തട സംരക്ഷണവും</u>

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലായി കുടിവെള്ള പദ്ധതിയിൽ ആകെ 3948 കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുവെന്നും നൽകിയ കുടിവെള്ള കണക്ഷനുകളിൽ എല്ലാം തന്നെ പ്രവർത്തനക്ഷമമാണെന്നും ഗ്രാമപഞ്ചായത്തിൽ 37 പൊതുടാപ്പുകളുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ജലലഭ്യതയില്ലാത്ത സ്ഥലങ്ങളിലേക്ക് വിദൂര ജല സ്രോതസ്സുകളിൽ നിന്ന് ജലം പൈപ്പ് ലൈൻ ദീർഘിപ്പിച്ച് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കിണർ വെള്ളം, ബോർവെൽ, പൊതുടാപ്പ് കണക്ഷൻ എന്നിവ മുഖാന്തിരം കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

ജലശുദ്ധീകരണം, ജലഗുണനിലവാര പരിപാലനം, ചുറ്റുമുള്ള നീർത്തടങ്ങളിലെ മണ്ണ് ജലം ജൈവ സംരക്ഷണം, പരിപാലനം, മഴവെള്ള സംരക്ഷണം, കിണർ റീചാർജ്ജിംഗ് എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിലേർപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

<u>കുടിവെള്ള വിതരണത്തിൽ പഞ്ചായത്തിന്റെ പങ്കാളിത്തം</u>

ഗ്രാമപഞ്ചായത്ത് നേരിട്ട് കുടിവെള്ള പദ്ധതികൾ നടത്തുന്നില്ല. ഗുണഭോക്തൃ സമിതി മുഖാന്തിരം നടത്തുന്ന 47 കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു

1. തിരിഞ്ഞക്കോട്, 2.പുളിക്കൽ ചിറ, 3.പുതുച്ചി കുന്നക്കാട്, 4.തെക്കേക്കുളമ്പ്, 5.ചീതാവ് ചെമ്പോട്, 6.കാരക്കാട്ട് പറമ്പ്,7.ചേവക്കുളം, 8.കുണ്ടുകാട്, 9.പാളിയമംഗലം, 10.മല്ലം കുളമ്പ്, 11.മൂല,12.ചാട്ടപ്പാറ, 13.കുറുമ്പൂർ, 14.പൂളക്കൽ

പറമ്പ്, 15.കമ്മാന്തറ 16.ഇടശ്ശേരി പറമ്പ്, 17.പുത്തൻതറ, 18.ഇടപ്പാടം-കിഴക്കേമുറി, 19.നീലംങ്കോട്,20.ചക്രായി-നൂറം, 21.ചക്രായി, 22.മുടിക്കൂറ, 23.കരിങ്കുളം-കുന്നംകാട്, 24.മരുതഞ്ചേരി, 25.ചേവുണ്ണി, 26.പുത്തൻചളള, 27.ചോറപ്പാടം, 28.മടക്കുളമ്പ് 29.തളിപ്പാടം, 30.പറയമ്പള്ളം, 31.ആലമ്പള്ളം, 32.പെരുമാങ്കോട്, 33.തോടുകാട്, 34.താഴെ പറയമ്പള്ളം, 35.ആശാരിമട, 36.കൊടിക്കരിമ്പ്, 37.കുന്നങ്കാട്, 38.ഒലിപ്പാറ39.കൈതച്ചിറ, 40.നാലാംക്കൂപ്പ്, 41.കയാറാടി കോളനി, 42.പട്ടുകാട്, 43.കുന്നുകാട് 44.പടിഞ്ഞാറേപറമ്പ്, 45.കാന്തളം പൊറ്റ, 46.പയ്യാങ്കോട്, 47.മാങ്കുറിശ്ശി.

ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി വരൾച്ച നേരിടുന്നത് 8ാം വാർഡിലെ പ്രദേശങ്ങ ളിലാണ്. പ്രസ്തുത വാർഡിൽ കനത്ത വേനലിൽ ടാങ്കർ ലോറിയിൽ കുടിവെളള വിതരണം എത്തിക്കാറുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ജല അതോറിറ്റിയിൽ നിന്നും നേരിട്ടും ജലഅതോറിറ്റിയുടെ വെബ്സൈറ്റിൽ നിന്നുമുള്ള വിവരങ്ങൾ പരിശോധിച്ച് ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളുടെയും കൃത്യമായ വിവരം ശേഖരിച്ച് ക്രോഡീകരിച്ച് ഡിജിറ്റലായോ മാനുവലായോ സൂക്ഷിക്കേണ്ടതാണ്. ആസ്തികൾ ജിയോ ടാഗിംഗ് ചെയ്ത് ഡിജിറ്റലൈസ് ചെയ്യേണ്ടതാണ്.

2. പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ടെങ്കിൽ അടിയന്തരമായി ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ ജലശുചിത്വ സമിതി അടിയന്തരമായി രൂപീകരിക്കേണ്ടതാണ്. നിലവിൽ കണക്ഷനുകൾ കൊടുക്കാൻ ബാക്കിയുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ കണക്ഷൻ നൽകാനും 100% ജല ലഭ്യത ഉറപ്പുവരുത്താനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ ജലശുചിത്വ സമിതിയുടെ മോണിറ്ററിംഗ് ജല ശുദ്ധീകരണം, സ്ഥിരമായ ജല ഗുണനിലവാര പരിശോധന, മലിനജലസംസ്കരണം, ജലസംരക്ഷണപരിപാടികൾ, എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

5. വ്യാപകമായി ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സാഹചര്യം, സ്വാഭാവിക ജലസ്രോതസ്സുകളെ സഹായിക്കുന്ന വനം, വയൽ, കാവുകൾ തണ്ണീർത്തടങ്ങൾ, എന്നിവയിലുണ്ടായ കുറവ്, സൂക്ഷ്മ കാലാവസ്ഥയിലെ മാറ്റം, പ്രകൃതിദുരന്തങ്ങൾ, മറ്റ് മുൻകൂട്ടി കാണാൻ കഴിയാത്ത വെല്ലുവിളികൾ എന്നിവ പരിഗണിച്ചുള്ള മുന്നൊരുക്കങ്ങളും മുൻകരുതലുകളും ജലശുചിത്വസമിതിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

6. ജല അതോറിറ്റി നേരിട്ട് പദ്ധതി നടപ്പാക്കുമ്പോൾ, 25% സംസ്ഥാന സർക്കാർ വിഹിതം, 15% ഗ്രാമപഞ്ചായത്ത് വിഹിതം, 10% ഗുണഭോക്തൃവിഹിതം എന്നിവ ഉപയോഗപ്പെടുത്താതെ പകരം 100 % കേന്ദ്രസർക്കാർ വിഹിതം മാത്രം

പ്രയോജനപ്പെടുത്തുകയാണ് ചെയ്യുന്നത്. പദ്ധതിയിലൂടെ യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്ന ആകെ പ്രയോജനത്തിന്റെ (ഫലത്തിന്റെ) നേർപകുതി മാത്രമേ ഇപ്രകാരത്തിൽ ലഭിക്കുന്നുള്ളൂ എന്നതിനാൽ സംസ്ഥാന സർക്കാർ വിഹിതവും ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്ത്യവിഹിതവും ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർക്ക് ടി.എ-14560രൂപ തിരികെ ഈടാക്കണം

ധനകാര്യവകുപ്പിന്റെ നമ്പർ 2629474/വ്യയം -സി1/104/2023 തിയ്യതി 15.02.2024 ലെ ഉത്തരവ് പ്രകാരം ഡ്രൈവർമാരുടെ ദിനബത്ത സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഡ്രൈവർമാർക്ക് ഹെഡ് ക്വാർട്ടേഴ്സ് വിട്ട് മറ്റ് ജില്ലകളിലേക്ക് നടത്തുന്ന യാത്രകൾക്ക് മാത്രമാണ് ഇൻസിഡെന്റൽ എക്സ്പൻസും ഹാൾട്ടുണ്ടെങ്കിൽ ദിനബത്തക്കും അർഹതയുള്ളത് എന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് ദിവസനവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർക്ക്

(ശ്രീ. രാജൻ.വി)താഴെ പറയും പ്രകാരം ദിനബത്ത നൽകിയിട്ടുള്ളതായി കാണുന്നു.

1.വൗച്ചർ നം 22400194/06.06.2024- 7970

2. വൗച്ചർ നം 22400980/08.01.2025- 6590

പാലക്കാട് ജില്ലാ പരിധിയിൽ തന്നെ ദൈനംദിനജോലിയുടെ ഭാഗമായി വാഹനം ഓടിക്കുന്നതിനാണ് ഇപ്രകാരം യാത്രാബത്ത അനുവദിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. യാത്രാബത്താബില്ലുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചർ നം 22400194/06.06.2024 -7990			
1.	2024	അയിലൂർ	ഗ്രാമപഞ്ചായത്ത്

	ജനുവരി	ഓഫീസിൽ നിന്നും ഒലവക്കോട് ഫോറസ്റ്റ് ഓഫീസ്, പാലക്കാട് ജില്ലാ പഞ്ചായത്ത്, ചിറ്റൂർ താലൂക്ക് ഓഫീസ്, പാലക്കാട് IDBI ബാങ്ക്, പാലക്കാട് DDP ഓഫീസ് എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി ജനുവരിമാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	7	അനുവദിച്ച തുക (7x 175 (1/2 DA)	**1225**
2.	2024 ഫെബ്രുവരി	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട് അമ്മാൾ പ്രസ്സ്, പാലക്കാട് ജില്ലാ പഞ്ചായത്ത്, മുണ്ടൂർ, വടക്കഞ്ചേരി , പാലക്കാട് ശുചിത്വമിഷൻ ഓഫീസ്, പാലക്കാട് ജല അതോറിറ്റി , പാലക്കാട് DDP ഓഫീസ് എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി ഫെബ്രുവരിമാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	8	അനുവദിച്ച തുക (8x 175 (1/2 DA)	**1380 (Ltd)**
3.	2024 മാർച്ച്	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട് ട്രഷറി, കൊല്ലങ്കോട്, ജില്ലാ പഞ്ചായത്ത്, ആലത്തൂർ ,കലക്ട്രറേറ്റ് , ഒലവക്കോട് എന്നിവിടങ്ങളി ലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി മാർച്ച്			

		മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	7	അനുവദിച്ച തുക (7x 175 (1/2 DA)	**1225**
4	2023 ഒക്ടോബർ	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ജില്ലാ പഞ്ചായത്ത്, ആലത്തൂർ ,കലക്ട്രറേറ്റ് , കൊടുവായൂർ എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി ഒക്ടോബർ മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	8	അനുവദിച്ച തുക (8x 175 (1/2 DA)	**1380 (Ltd)**
5	2023 നവംബർ	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട്, കുഴൽമന്ദം ചിറ്റൂർ താലൂക്ക് ഓഫീസ്, ജില്ലാ ആശുപത്രി, ജില്ലാപഞ്ചായത്ത്, മുടപ്പല്ലൂർ എന്നിവിടങ്ങ ളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി നവംബർ മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	8	അനുവദിച്ച തുക (8x 175 (1/2 DA)	**1380 (Ltd)**
6	2023 ഡിസംബർ	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട്, ആലത്തൂർ ,കലക്ട്രറേറ്റ് , കില, മുടപ്പല്ലൂർ, കഞ്ചിക്കോട്, ജില്ലാപഞ്ചായത്ത്,			

		എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി ഡിസംബർ മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	8	അനുവദിച്ച തുക (8x 175 (1/2 DA)	**1380 (Ltd)**
	വൗച്ചർ നം 22400980/08.01.2025 -6590				
7	2024 മെയ്	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട്, ആലത്തൂർ കൊല്ലങ്കോട്, കില, ജില്ലാപഞ്ചായത്ത്, അംബാൾ പ്രസ്സ് എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി മെയ് മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	8	അനുവദിച്ച തുക (8x 175 (1/2 DA)	**1380 (Ltd)**
8	2024 ജൂൺ	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട്, ചിറ്റൂർ, ജില്ലാപഞ്ചായത്ത്, അംബാൾ പ്രസ്സ് എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി ജൂൺ മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	8	അനുവദിച്ച തുക (8x 175 (1/2 DA)	**1380 (Ltd)**
9	2024 ജൂലൈ	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട്, ജില്ലാപഞ്ചായത്ത്, ചിറ്റൂർ ,എം.എൽ			

		എ ഓഫീസ്, ആലത്തൂർ എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി ജൂലൈ മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	8	അനുവദിച്ച തുക (8x 175 (1/2 DA)	**1380 (Ltd)**
10	2024 ആഗസ്റ്റ്	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട്, ജില്ലാപഞ്ചായത്ത്, കൊല്ലങ്കോട് , മുണ്ടൂർ എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി ആഗസ്റ്റ് മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	7	അനുവദിച്ച തുക (7x 175 (1/2 DA)	**1225**
11	2024 സെപ്റ്റംബർ	അയിലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പാലക്കാട്, ജില്ലാപഞ്ചായത്ത്, കൊല്ലങ്കോട് , ചിറ്റൂർ, മുടപ്പല്ലൂർ DDP ഓഫീസ് എന്നിവിടങ്ങളിലേക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി പ്രസിഡന്റ്, സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവരുമായി സെപ്റ്റംബർ മാസം വിവിധ തീയതികളിൽ പോയി വന്ന യാത്രകൾ			
		ആകെ യാത്രകളുടെ എണ്ണം	7	അനുവദിച്ച തുക (7x 175 (1/2 DA)	**1225**
ആകെ					**14560**

തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 25/28.07.25) മറുപടിയായി ഓഡിറ്റ്

പരാമർശം ഉണ്ടാകുന്ന അവസരത്തിൽ തുക തിരികെ അടവാക്കാം എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും തുക തിരികെ ഈടാക്കാമെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 14560 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് - ഇൻഷൂറൻസ് പ്രീമിയം തൂക അടവാക്കൽ വിശദാംശങ്ങൾ

സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയുടെ ഇൻഷുറൻസ് പ്രീമിയം അടവാക്കുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകുയറിയ്ക് (നം.03/17.07.2025) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു

1) 31.03.2024 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
14	84000	84000	0	പ്രീമിയം (14x12x500=84000)

2) 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിനുള്ളിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ – ഇല്ല

3) 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ – ഇല്ല

4) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിനുള്ളിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ – ഇല്ല

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ	സർട്ടിഫിക്കറ്റ് നമ്പർ/തീയതി

	പരിശോധിച്ച തീയതി	
2024-25	17.07.2025 മുതൽ 26.07.202 വരെ	ഈ റിപ്പോർട്ടിലെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്, പാലക്കാട്	2022-23	122790	അഗതിരഹിത കേരളം	0	122790
	2023-24	1000000	മാലിന്യമുക്തകേരളം ക്യാമറ സ്ഥാപിക്കൽ	0	1000000
	2023-24	500000	പാളിയമംഗലം കളിസ്ഥല നിർമ്മാണം	0	500000
	2023-24	3150000	നെൽകൃഷിയ്ക്ക് ആനുകൂല്യം സ്ഥിരം കൃഷിയ്ക്ക്	1791400	1358600
	2023-24	2500000	ഭവനരഹിതർക്ക് ഭവനനിർമ്മാണം -Sc	640000	1860000
	2023-24	3390000	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം-ജനറൽ	0	3390000
	2023-24	3500000	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം-Sc	640000	2860000
	2022-23	431333	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം-Sc	0	431333
	2023-24	2155000	ഭൂരഹിത ഭവന രഹിതർക്ക് സ്ഥലംവാങ്ങൽ ജനറൽ	1700000	1485000

	2023-24	1400000	ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ-Sc	0	1400000
	2023-24	255000000	ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ-ജനറൽ	0	255000000
	2020-21	21000	ഭൂമിയുള്ള ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ -ജനറൽ (വാർഡ് 10 To 17)	0	211000
	2023-24	2460000	ഭവനനിർമ്മാണം-പട്ടികവർഗം	0	2460000
	2022-23	2880000	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണം -ജനറൽ	0	2880000
	2023-24	2000000	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം-Sc (Ward 10 To 17)	500000	1500000
	2023-24	2000000	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണം-ST	0	2000000
	2022-23	9600000	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം-SC (Ward 10 To 17)	0	960000
	2023-24	3500000	ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണം -ജനറൽ	540000	2960000
	2023-24	115000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും	0	115000
	2023-24	35000	ഭിന്നശേഷി ക്കാർക്ക്	0	35000

			സ്കോളർഷിപ്പും ബത്തയും		
	2023-24	1000000	മാലിന്യ മുക്തകേരളം ക്യാമറ സ്ഥാപിക്കൽ	0	1000000
	2023-24	500000	മാങ്കുറിശ്ശി അംഗൻ വാടി നിർമ്മാണം-തുക കൈമാറൽ	0	500000
	2023-24	500000	മാണിക്യപ്പൊറ്റഅംഗൻ വാടി നിർമ്മാണം-തുക കൈമാറൽ	0	500000
	2024-25	1765500	നെല്ലിന് ഒരുപൂകൃഷിയ്ക്ക് ആനുകൂല്യം	1765500	0
	2024-25	150000	ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും	150000	0
ബ്ലോക്ക് പഞ്ചായത്ത്, നെമ്മാറ	2017-18	1007983	ക്രമറ്റോറിയം	0	1007983
	2024-25	1230900	നെല്ലിന് ഒരുപൂകൃഷിയ്ക്ക് ആനുകൂല്യം	1230900	0
	2024-25	105700	ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും	105700	0
	2024-25	300000	അംഗൻവാടി പോഷകാഹാരം (ജനറൽ)	300000	o
	2024-25	500000	പാലിന് സബ്സിഡി	500000	0
	2020-21	60347	ഭൂമിയുള്ള ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ - ജനറൽ (വാർഡ് 10 To 17)	0	60347
	2022-23	1560000	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-Sc	0	1560000
	2023-24	3390000	ഭൂമിയുള്ള ഭവനരഹിതർക്ക്	0	3390000

			ഭവനനിർമ്മാണം-ജനറൽ		
	2023-24	499200	ഭൂരഹിത ഭവനരഹിതർക്ക് സ്ഥലംവാങ്ങൽ-Sc	74200	425000
	2023-24	3500000	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-Sc	1180000	23200000
	2023-24	15000000	ഭവനരഹിതർക്ക് ഭവനനിർമ്മാണം -Sc	0	15000000
	2019-20	119	പാലിയേറ്റീവ് കെയർ	0	119
	2023-24	500000	പാളിയമംഗലം കളിസ്ഥലനിർമ്മാണം	0	500000
	2023-24	2205000	നെൽകൃഷിയ്ക്ക് ആനുകൂല്യം-സ്ഥിരം കൃഷിയ്ക്ക്	1279950	925050
	2023-24	2155000	ഭൂരഹിത ഭവനരഹിതർക്ക് സ്ഥലംവാങ്ങൽ-ജനറൽ	1700000	1485000
	2023-24	160000	ഭവനനിർമ്മാണം-പട്ടികവർഗം	0	160000
	2022-23	3342347	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-ജനറല്	0	3342347
	2023-24	2000000	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-Sc (Ward 10 To 17)	220000	1780000
	2023-24	1000000	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-ST	0	1000000
	2022-23	960000	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-SC (Ward 10 To 17)	0	960000
	2023-24	3500000	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-	1900000	1600000

			ജനറൽ		
	2023-24	400000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും	303700	96300
	2023-24	200000	ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും	0	200000
	2023-24	300000	അംഗൻവാടി പോഷകാഹാരം - ജനറൽ	0	300000
	2023-24	300000	മാങ്കുറിശ്ശി അംഗൻ വാടി നിർമ്മാണം-തുക കൈമാറൽ	0	300000
	2023-24	300000	മാണിക്യപ്പോറ്റഅംഗൻ വാടി നിർമ്മാണം-തുക കൈമാറൽ	0	300000
	2022-23	300000	ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-ജനറൽ	0	300000

4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം

വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തികൾക്കായി ജല അതോറിറ്റിക്ക് നൽകിയ തുകകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	പ്രൊജക്ട്	അടങ്കൽ	ചെലവ്	തുക നൽകിയത്	പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം
1.	പ്രോജക്ട് നം 15/25 നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	1057320 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	1057000 (വൗച്ചർ നം XVFC/24-25/ P/63-951300/ 18.03.25, XVFC/24-25/ P/68/ 21.03.25-105700)	എക്സിക്യൂട്ടീവ് എഞ്ചിനീയർ , പി.എച്ച് ഡിവിഷൻ കൽമണ്ഡപം പാലക്കാട്	ലഭ്യമാക്കിയിട്ടില്ല
2.	148/25 (സ്പിൽ ഓവർ)	6,60,000	5/20.07.24		ലഭ്യമാക്കിയിട്ടില്ല

3.	12/25	163,000	15/26.09.24	പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലക്കാട്	ലഭ്യമാക്കിയിട്ടില്ല
4.	30/25	792000	(വൗച്ചർ നം XVFC/24-25/ P/30, Dt 05.11.2024)	പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലക്കാട്	ലഭ്യമാക്കിയിട്ടില്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക അനുവദിച്ചിട്ടില്ല.

4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് 1050000 രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ചത്	ആകെ	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
Life Loan KURDFC		25865946	1050000	26915946	3894464		23021482

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

സമാഹൃത റിപ്പോർട്ട്	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

വർഷം			
2007-08	3-51-1	മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-ലക്ഷ്യം കൈവരിച്ചിട്ടില്ല	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-7-2018 ലെ സിറ്റിംഗിൽ വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല.
2016-17	പൊതുവായ അവലോകനം	വസ്തു നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-1)	വിഷയം സമിതി പരിഗണിച്ചിട്ടില്ല
2016-17	പൊതുവായ അവലോകനം	തൊഴിൽ നികുതി (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.2-2, 2.3, 2.6 & 2015-16 ഖ.2-1)	വിഷയം സമിതി പരിഗണിച്ചിട്ടില്ല

4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരുപ്പുൾപ്പടെ	:	111269648
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	70721936
വരവിനങ്ങളിലുള്ള നഷ്ടം	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	14560
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	₹ 1140

(ഭാഗം-1 -14 പ്രകാരം)		
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹196800

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	നഷ്ടം		ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
	ചാർജ്ജ്	സർചാർജ്ജ്	
3-1	-	₹14560	7970- ശ്രീ അബ്ദുൾറഹ്മാൻ.എം.ബി (സെക്രട്ടറി ഇൻചാർജ്ജ്) 6590- ശ്രീ മുകുന്ദൻ.കെ സെക്രട്ടറി

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
1-18	₹99600	ശ്രീമതി . സുനിത.വി ഹെഡ് മിസ്ട്രസ്
1-32	₹97200	വെറ്ററിനറി സർജൻ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ശ്രീ.അജ്ദുൾ റഹ്മാൻ.എം.ബി, അസിസ്റ്റന്റ് സെക്രട്ടറി	സൂപ്രണ്ട്, കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം	മുബാറക് ഹൗസ്, അരുമല്ലൂർ, കണ്ടാല പോസ്റ്റ് , തിരുവനന്തപുരം . Abdu983652gmail.Com
ശ്രീ മുകുന്ദൻ.കെ സെക്രട്ടറി	സെക്രട്ടറി , അയിലൂർ ഗ്രാമപഞ്ചായത്ത്	എടപ്പൊറ്റ വീട്, വല്ലങ്ങി, നെന്മാറ പോസ്റ്റ്, പാലക്കാട് 678508 Mukundanjcs50 Pkd@Gmail.Com
ഡോ.സൂസൻ വർഗ്ഗീസ് വെറ്ററിനറി സർജൻ	തുടരുന്നു	വാഴത്തോട്ടത്തിൽ വീട് ചുവന്നമണ്ണ് ,പന്നിക്കാട്,തൃശ്ശൂർ
ശ്രീമതി.സുനിത.വി എച്ച്.എം	തുടരുന്നു	ആന്തൂർ ഹൗസ്. ജി ജി വി.എച്ച്,എസ്.റോഡ് നെൻമാറ

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും	തീർപ്പാക്കുവാൻ അവശേഷിക്കുന്ന

	ഒടുവ ിലത്തെ കത്തിടപാടിന ിന്റെ വിവരം	വണ്ടികകളുടെ എണ്ണം
1996-97	LFP6-1121/99/6.1.2000	3
1997-98	L.F.P10-486/2002/ 5.9.2002	4
1998-99	LF.P13/417/3.12.2005	2
1999-2000	L.F.P12-418/2005/ 3.12.2005	11
2000-2001	L.F.P12-441/2006/ 16.10.2006	27
2001-2002	L.F.P12-442A/2006/ 10.10.2006	7
2002-2003	L.F.P18-1720(a)/25.6.2012	10
2003-2004	L.F.P12-28/2007/ 12.9.2007	15
2004-2005	L.F.P18-1720(b)/2008/ 25.6.2012	34
2005-2006	L.F.P18-1720(c)/2008/ 25.6.2012	14
2006-2007	L.F.P18-1063/12/5.6.12	-
2007-2008	KSA-PKD18-96(A)/17/29.3.17	3
2008-2009	L.F.P18-1065/12/15.6.12	2
2009-2010 2010-2011	L.F.P18-76/13/23.3.13	4
2011-2012	KSA-PKD18-421/2016/ 27.5.16	2
2012-13, 2013-14 & 2014-15	KSA.PKD.18/465/16/25.06.16	18
2015-16	KSA.PKD.18/22/17/6.01.17	3
2016-17	നം.കെ.എസ്.എ-പികെഡി-പി18-1645/2017/08.09.2017	23
2017-18	നമ്പർ കെഎസ്എ പികെഡി18-281/2019/26.03.2019	28
2018-19	നo. കെ.എസ്.എ-പെികഡി18/1729/2019	27
2019-20	നം. കെ.എസ്.എ-പെികഡി18/1365/21	23
2020-21	നം. കെ.എസ്.എ-പെികഡി18/1366/ 21/28.12.21	എല്ലാ വണ്ടികകളും
2021-22	നം. കെ.എസ്.എ-പെികഡി18/108/22/20.2.23	എല്ലാ വണ്ടികകളും
2022-23	നം. കെ.എസ്.എ-പെികഡി18/	എല്ലാ വണ്ടികകളും
2023-24	നം. കെ.എസ്.എ-പി കെഡി18/1467/24 തി.13.11.24	എല്ലാ വണ്ടികകളും

അവശേഷിക്കുന്ന എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 12-05-2025 and submitted on 27-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ayilur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ayilur Grama Panchayat as on 31-03-2025

Date: 13/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Ayilur Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1.All mandatory financial statements prescribed in accounting rules are not submitted for audit.

2. Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.
3. Asset register is not updated . Hence the value of Fixed assets (schedule-B11) and Accumulated depreciation (schedule-B11(a) asper Balance sheet could not be ascertained.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം -3
വാർഷികധനകാര്യപത്രിക

Ayilur Grama Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4528864.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	264399.00
140000000	Fee & User Charges	I-4	2275989.00
150000000	Sale & Hire Charges	I-5	309644.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	210600960.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	674503.00
180000000	Other Income	I-9	31063.00
190000000	Prior Period Income	I-19	372847.00
	Total Income		**218685422.00**
	EXPENDITURE		
210000000	Establishment Expenses	I-10	11762959.00
220000000	Administrative Expenses	I-11	1549684.00
230000000	Operations & Maintenance	I-12	3091137.00
240000000	Interest & Finance Charges	I-13	1885.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	10029010.00
251000000	Decentralised Plan Programme-Service Sector	I-14(A)	38351942.00

252000000	Decentralised Plan Programme-Infrastructure Sector	I-14(B)	6479371.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	36848427.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	77518000.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1454663.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0

Ayilur Grama Panchayat
BALANCE SHEET

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	50658498.00
311000000	Earmarked Funds - Special Funds/ Sinking Fund/Trustor	B-2	0
	Agency Fund		
312000000	Reserves	B-3	138604850.00
	Total Reserve & Surplus		**189263348.00**
	Grants, Contributions for		

	Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	22888949.00
	Total Grants, Contributions for Specific Purposes		**22888949.00**
	Loans		
330000000	Secured Loans	B-5	23021482.00
331000000	Unsecured Loans	B-6	0
	Total Loans		**23021482.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	1004859.00
341000000	Deposits Works	B-8	0
350000000	Other Liabilities	B-9	1420496.00
360000000	Provisions	B-10	0
	Total Current Liabilities and Provisions		**2425355.00**
	TOTAL LIABILITIES		**237599134.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	2710890.00
412000000	Capital Work in Progress	B-11(b)	1668887.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	422007.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	42748750.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	191326956.00
416000000	Accumulated Depreciation	B-11(a)	-93592005.00
	Total Fixed Assets		**145285485.00**
	Investments		
420000000	Investments-General Fund	B-12	0

Ayilur Grama Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	RECEIPTS		

	Opening Balance		
Bank	Bank	RP-40(a)	46379788.00
Cash	Cash	RP-40(a)	77177.00
	Operating		
110000000	Tax Revenue	RP-1	799120.00
130000000	Rental income from Panchayat Properties	RP-3	19200.00
140000000	Fees & User Charges	RP-4	2264786.00
150000000	Sale & Hire Charges	RP-5	309164.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	19779143.00
171000000	Interest Earned	RP-9	674503.00
190000000	Prior Period Income	RP-11	2500.00
320000000	Grants, Funds & Contributions for Specific Purposes	RP-30	18992521.00
431000000	Sundry Debtors (Receivables)	RP-45	19642952.00
460000000	Loans, Advances and Deposits	RP-49	836036.00
	Non Operating		
330000000	Secured Loans	RP-31	1050000.00
340000000	Deposits Received	RP-33	116361.00
350000000	Other Liabilities	RP-35	326397.00
	Grand total		**111269648.00**
	PAYMENTS		
	Operating		
260000000	Grants, Contributions and Compensations from Own Fund	RP-21	24069.00
320000000	Grants, Funds & Contributions for Specific Purposes	RP-30	195512.00
431000000	Sundry Debtors (Receivables)	RP-45	24238929.00
460000000	Loans, Advances and Deposits	RP-49	1665553.00
	Non Operating		
340000000	Deposits Received	RP-33	164030.00
350000000	Other Liabilities	RP-35	44433843.00
	Closing Balance		
Bank	Bank	RP-40(b)	40382192.00
Cash	Cash	RP-40(b)	165520.00